പതിനാലാം കേരള നിയമസഭ

9-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. T3143 | 07.02.2018-ൽ മറുപടിക്ക്

## ഡാറ്റാ ബാങ്കിൽ തിരുത്തലുകൾ വരുത്താൻ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. രാജൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) 2008-ലെ തണ്ണീർത്തട നിയമത്തിന് മുമ്പ് നികത്തിയതും വീട് ഉൾപ്പെടെ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളും ഡാറ്റാ ബാങ്കിൽ തെറ്റായി നിലമായി ഉൾപ്പെടുത്തിയിട്ടുള്ള കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br><br>(ബി) തെറ്റായി ഉൾപ്പെട്ടിട്ടുള്ള സ്ഥലങ്ങളെ സംബന്ധിച്ച് ഡാറ്റാ ബാങ്കിൽ തിരുത്തലുകൾ വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (എ) & (ബി) ഉണ്ട്.<br>ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ തിരുത്തി കിട്ടുന്നതിന് വസ്തു ഉടമസ്ഥർക്ക് കൃഷി ഓഫീസർ മുമ്പാകെ അപേക്ഷ സമർപ്പിക്കുന്നതിന് അവസരം നൽകി കൊണ്ട് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടം ഭേദഗതി ചെയ്തിരുന്നു. ഇപ്രകാരം അപേക്ഷ നൽകുന്നതിന് 2017 നവംബർ 27 വരെ കാലയളവ് നൽകിയിരുന്നു. തെറ്റായി ഉൾപ്പെട്ടിട്ടുള്ള വിവരങ്ങൾ തിരുത്തൽ വരുത്തി പുതുക്കിയ ഡാറ്റാ ബാങ്ക് 2018 മാർച്ച് 31-നകം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട എല്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ